LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തു പ്രവൃത്തികളുടെ ബില്ലുകൾ മാറികൊടുക്കുന്നതിന് മുൻഗണനാക്രമം പാലിക്കുന്നതിന് നടപടി

149 (2387) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്തു പ്രവൃത്തികളുടെ എത്ര കോടി രൂപ ഇനി കൊടുത്തു തീർക്കുവാനുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏത് മാസം വരെയുള്ള ബില്ലുകളാണ് ഇപ്പോൾ കൊടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് പൊതുമരാമത്തു പ്രവൃത്തികളുടെ ബില്ലുകൾ മാറി കൊടുക്കുന്നതിൽ മുൻഗണനാക്രമം പാലിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭരണ വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെയുള്ള കാലളയവിലേക്ക് 1343.47 കോടി രൂപയും, ഇതേ കാലയളവിലേക്ക് പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 260.51 കോടി രൂപയും, ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-7-2014 വരെ 61.42 കോടി രൂപയും ഉൾപ്പെടെ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തു തീർക്കാനുണ്ട്.

(ബി) കരാറുകാരുടെ 31-12-2013 വരെയുള്ള ബില്ലുകൾ മാറുന്നതിന് ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്.

(സി&ഡി) പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ CCC.803/2000-ന്റേയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് മാറുന്നത്. മുൻഗണനാ ക്രമം പാലിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.